(ഡി)	ഇടുക്കി ജില്ല	21,03,144. 00
	തൃശ്ശൂർ ജില്ല	11,01,521. 00
		32,04,665. 00

(ഇ) ഉണ്ട്, എല്ലാ മാസവും അംഗീകാരം കിട്ടിയ ജില്ലകളിലെ യൂണിറ്റ് തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ശേഖരിച്ച് പ്രവർത്തന പുരോഗതി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി വരുന്നു.

കുന്നത്തുനാട് താലൂക്കിൽ പട്ടയം നൽകാൻ നടപടി

12 (3571) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് താലൂക്കിൽ പട്ടയത്തിന് അപേക്ഷ നല്കിയിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ഈ അപേക്ഷകളിൽ തീർപ്പ് കല്പിക്കുവാൻ ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് പട്ടയം എത്ര കാലത്തിനുള്ളിൽ കൊടുത്തു തീർക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 382.

(ബി) ഈ അപേക്ഷകളിൽ തീർപ്പു കല്പിക്കാൻ ഭൂമി പതിവ് ചട്ടപ്രകാരം ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 31-12-2003-നകം തീർപ്പാക്കുന്നതിന് കുന്നത്തുനാട് തഹസിൽദാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

പട്ടയ മേളകൾ

13 (3572) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി പട്ടയ മേളകൾ സംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഭൂമി പതിച്ച് പട്ടയം നൽകുന്നതിനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ പട്ടയ മേളകൾ സംഘടിപ്പിക്കുവാനും വേണ്ട നിർദ്ദേശം കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly